(സി) ഭൂമികേരളത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി 50% സി.എസ്.എസ്. ഇനത്തിൽ 2008-2009 സാമ്പത്തിക വർഷം രണ്ട് കോടി നാൽപ്പത്തിനാല് ലക്ഷത്തി അമ്പതിനായിരം രൂപ ലഭിക്കുകയുണ്ടായി. ടി തുകയിൻമേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം രണ്ട് ആയി ചേർക്കുന്നു.* 2009-2010 സാമ്പത്തിക വർഷം മുൻവർഷങ്ങളിൽ ഉപയോഗിക്കാത്ത 50% കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബാക്കി നിക്കിയിരിപ്പുള്ള ആകെ തുകയായ മൂന്ന് കോടി അമ്പത്തി ഒമ്പത് ലക്ഷത്തി പതിനായിരം രൂപ അനുവദിക്കുകയുണ്ടായി. ടി തുകയിൽ മേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം മൂന്ന് ആയി ചേർക്കുന്നു.* 2009-2010 സാമ്പത്തിക വർഷം എൻ.എൽ.ആർ.എം.പി.-യുടെ കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ആറ് കോടി മുപ്പത്താറ്ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ടി തുകയിൻ മേലുള്ള ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചുള്ള വിവരം അനുബന്ധം നാല് ആയി ചേർക്കുന്നു.*

(ഡി) 2008-2009 സാമ്പത്തിക വർഷം എസ്.ആർ.എ.&യു.എൽ.ആർ.50% സി.എസ്.എസ്. ഇനത്തിൽ കേന്ദ്രസർക്കാർ 1 കോടി 22 ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയും 2009-2010 സാമ്പത്തിക വർഷം എസ്.ആർ.എ. & യു.എൽ. ആർ 50% സി.എസ്.എസ്. ഇനത്തിൽ 1 കോടി 79 ലക്ഷത്തി അമ്പതിനായിരം രൂപയും ലഭിക്കുകയുണ്ടായി.

(ഇ) 2009-2010 സാമ്പത്തിക വർഷം എൻ.എൽ.ആർ.എം.പി. സ്കീമിൽ സംസ്ഥാന വിഹിതമായി 3 കോടി 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഭൂരഹിതർക്ക് ഭൂമി നൽകൽ പദ്ധതിയുടെ പുരോഗതി

166(869) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഭൂരഹിതർക്ക് സൗജന്യമായി ഭൂമി വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം എത്ര ഏക്കർ ഭൂമി, എത്ര കുടുംബങ്ങൾക്ക് നൽകി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇനി സംസ്ഥാനത്ത് ഭൂരഹിതരായി എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(സി) ഇനിയും അവശേഷിക്കുന്ന ഭൂമഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 'ഭൂരഹിതർക്ക് സൗജന്യമായി ഭൂമി വിതരണം ചെയ്യുന്ന പ്രത്യേക പദ്ധതിയൊന്നും റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂരഹിതരായ കുടുംബങ്ങളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിന് പരമാവധി ഭൂമി കണ്ടെത്താൻ മിച്ചഭൂമി കേസ്സുകളിൽ തീർപ്പുകൽപ്പിക്കുന്നതിനും, വ്യാജ പട്ടയം ചമച്ച് കയ്യേറിയ സർക്കാർ ഭൂമി ഏറ്റെടുത്ത് അർഹരായവർക്ക് പതിച്ച് നൽകുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

ഭൂമിയില്ലാത്ത എല്ലാവർക്കും ഭൂമി

167(870) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമിയില്ലാത്ത എല്ലാവർക്കും ഭൂമി ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയനുസരിച്ച് അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും ഭൂമി നൽകാൻ സാധിച്ചിട്ടുണ്ടോ :

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകി എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായി ആകെ എത്ര ഏക്കർ സ്ഥലമാണ് കണ്ടെത്തിയത് ;

(ഡി) ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ശേഷിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ?

ഉത്തരം

(എ) മിച്ചഭൂമി പതിച്ചു നൽകുന്നത് 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലും, ബന്ധപ്പെട്ട ചട്ടങ്ങളിലും ഉള്ള പ്രസക്തമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്. അതിന് ഒരു പ്രത്യേക പദ്ധതിയുമായും ബന്ധമുള്ളതല്ല. ഈ നിയമപ്രകാരം ചെറുകിട കൈവശക്കാർക്കും ഭൂമി പതിച്ചു നൽകുവാൻ വ്യവസ്ഥയുണ്ട്.

(ബി-ഡി) ഉദിക്കുന്നില്ല.

സർക്കാർ ഭൂമി കൈയേറിയതുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നതിനായുള്ള കോടതി ഉത്തരവ്

168(872) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ റോഡിൽ സർക്കാർ ഭൂമി കൈയേറിയതുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നതിനായുള്ള ഉത്തരവ് കോടതിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ലഭിച്ചതെന്നും മേൽവിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും തീയതി സഹിതം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly